## പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 304 | 03.02.2020 ൽ മറുപടിയ്ക്ക് |
|---|---|
| **പൊതു ഇടങ്ങൾ രാത്രികാലങ്ങളിൽ സ്ത്രീകൾക്ക് സുരക്ഷ** | |
| ചോദ്യം | മറുപടി |
| **ശ്രീമതിഷാനിമോൾ ഉസ്മാൻ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| എ) നഗരത്തിലെ പൊതു ഇടങ്ങൾ രാത്രികാലങ്ങളിൽ സ്ത്രീകൾക്ക് സുരക്ഷിതമല്ലാത്ത സ്ഥിതിവിശേഷം സംജാതമായിട്ടുണ്ടോ; | എ) ഇല്ല. ചില ഒറ്റപ്പെട്ട സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. |
| ബി) പൊതു ഇടം എന്റേതുമെന്ന പേരിൽ സംസ്ഥാന സർക്കാർ സ്ത്രീകളുടെ രാത്രിയാത്ര വിവിധ നഗരങ്ങളിൽ സംഘടിപ്പിച്ചിരുന്നോ; അതിന്റെ ഉദ്ദേശമെന്തായിരുന്നു; വ്യക്തമാക്കാമോ; | ബി) പൊതു ഇടം എന്റേതുമെന്ന പേരിൽ സംസ്ഥാന സർക്കാർ സ്ത്രീകളുടെ രാത്രിയാത്ര വിവിധ നഗരങ്ങളിൽ സംഘടിപ്പിച്ചിരുന്നു. അടിയന്തിരഘട്ടങ്ങളിൽ ഭയമില്ലാതെ രാത്രിയാത്ര നടത്തുവാനായി സ്ത്രീകളെ പ്രാപ്തരാക്കുക എന്നതായിരുന്നു ഉദ്ദേശം. |
| സി) പ്രസ്തുത രാത്രി യാത്ര സംഘടിപ്പിച്ച് ആഴ്ചകൾ കഴിയുന്നതിന് മുമ്പ് ശംഖുമുഖം കടൽതീരത്ത് വച്ച് ഒരു യുവതിക്ക് സദാചാര ഗുണ്ടകളിൽ നിന്നും ആക്രമണം നേരിടേണ്ടി വന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; | സി) ഉണ്ട്. |
| ഡി) പ്രസ്തുത സദാചാര ഗുണ്ടകൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത് എന്ന് അറിയിക്കാമോ? | ഡി) 11/1/2020, 23.45 മണിക്ക് ശംഖുമുഖം ബീച്ച് ഭാഗത്തു വച്ച് യുവതിയെ ശല്യപ്പെടുത്തിയതിന് ടിയാളുടെ മൊഴിയുടെ അടിസ്ഥാനത്തിൽ വലിയതുറ പോലീസ് സ്റ്റേഷൻ ക്രൈം നം 64/2020 u/s 294(b), 323, 509, 354, 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.ടി കേസിലെ മുഴുവൻ പ്രതികളെയും അറസ്റ്റ് ചെയ്യുകയും ബഹു. കോടതി മുൻപാകെ |

| | |
|---|---|
| | ഹാജരാക്കിയതിനെ തുടർന്ന് 5 പ്രതികളെ കോടതി റിമാന്റ് ചെയ്തിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ